1748
12/2/15

# കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ - എസ്.സി.പി/റ്റി.എസ്.പി ധനസഹായ പദ്ധതി - ഓഹരി മൂലധന പങ്കാളിത്ത പരിധി ഉയർത്തി ചട്ടം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (ബി) വകുപ്പ്

**സ.ഉ (കൈ)നം. 22/2015/സഹ തീയതി, തിരുവനന്തപുരം, 10.02.2015**

---

പരാമർശം:- 1. 01.01.1982 ലെ സ.ഉ (കൈ) നം. 2/1982/എ.ഡി നമ്പർ ഉത്തരവ്
2. 18.03.1983 ലെ സ.ഉ (കൈ) നം. 75/1983/എ.ഡി നമ്പർ ഉത്തരവ്
3. 27.02.1996 ലെ സ.ഉ (കൈ) നം. 23/1996/സഹ നമ്പർ ഉത്തരവ്
4. 14.05.2014, 17.07.2014, 07.10.2014 എന്നീ തീയതികളിലെ സഹകരണ സംഘം രജിസ്ട്രാറുടെ എസ്.സി.റ്റി (1) 18671/2014 നമ്പർ കത്തുകൾ
5. 10.07.2014 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് അനുവദിക്കാവുന്ന പരമാവധി ഓഹരി മൂലധന വിഹിതം 50,000/- രൂപയായി നിജപ്പെടുത്തി ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവായിരുന്നു. പരാമർശം (2) ലെ ഉത്തരവ് പ്രകാരം ടി ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഓഹരി മൂലധന വിഹിതം പരമാവധി 1,00,000/- രൂപയോ അല്ലെങ്കിൽ അടച്ച് തീർത്ത ഓഹരി തുകയുടെ 25 ഇരട്ടിയോ ഏതാണ് കുറവ് അത് അനുവദിക്കാൻ വ്യവസ്ഥ ചെയ്ത് ഉത്തരവായിരുന്നു. പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം ടി ചട്ടങ്ങളിൽ വീണ്ടും ഭേദഗതി വരുത്തി പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നൽകി വരുന്ന സർക്കാർ ഓഹരി മൂലധന വിഹിതം അംഗങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 50 ഇരട്ടിയോ അല്ലെങ്കിൽ 2,00,000/- രൂപയോ ഏതാണ് കുറവ് അത് അനുവദിക്കാൻ വ്യവസ്ഥ ചെയ്ത് ഉത്തരവായിരുന്നു.

2. പരാമർശം (4) ലെ കത്തുകൾ പ്രകാരം പട്ടികജാതി/പട്ടിവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നൽകി വന്നിരുന്ന വിവിധ ധനസഹായങ്ങൾ പുന:സ്ഥാപിക്കണമെന്നും ധനസഹായ തോത് വർദ്ധിപ്പിക്കണമെന്നും സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിന്

സമർപ്പിക്കുന്ന പദ്ധതികളുടെ അടങ്കൽ തുക പരിഗണിക്കുമ്പോൾ നിലവിലുള്ള പരമാവധി തുക വർദ്ധിപ്പിച്ചാൽ മാത്രമേ പ്രസ്തുത പ്രോജക്ടുകൾക്ക് അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂ എന്നും സഹകരണ സംഘം രജിസ്ട്രാർ അഭിപ്രായപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നിലവിൽ നൽകി വരുന്ന ഓഹരി മൂലധന ധനസഹായ തുകയിൽ കാലോചിതമായ വർദ്ധനവ് വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ നിലവിലുള്ള ചട്ടങ്ങളിൽ താഴെപ്പറയും പ്രകാരം വീണ്ടും ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം. | നിലവിലുള്ളത് | ഭേദഗതി വരുത്തിയത് |
|---|---|---|
| 1 | സർക്കാർ ഓഹരി മൂലധന വിഹിതം പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 50 ഇരട്ടിയോ, അല്ലെങ്കിൽ 2,00,000/- രൂപയോ ഏതാണോ കുറവ് | സർക്കാർ ഓഹരി മൂലധന വിഹിതം പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 50 ഇരട്ടിയോ, അല്ലെങ്കിൽ 4,00,000/- രൂപയോ ഏതാണോ കുറവ് |
| 2 | വ്യക്തിഗത ഓഹരി തുകയും സർക്കാർ ഓഹരി തുകയും തമ്മിലുള്ള അനുപാതം 1:5 | വ്യക്തിഗത ഓഹരി തുകയും സർക്കാർ ഓഹരി തുകയും തമ്മിലുള്ള അനുപാതം 1:7.5 |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**വി. ഭൂഷൺ**
**അഡീഷണൽ സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (17.01.2015 ലെ 107244/അഗ്രി.സി1/2014/ധന കുറിപ്പ് പ്രകാരം)
പ്ലാനിംഗ് വകുപ്പ്
പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*